# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **11.08.2021** മുതൽ **15.08.2021**വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 64/2021 | തീയ്യതി: 10/08/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 111.9 | 27.6 – 31.2 | 23.3 – 25.0 | 83 - 97 | 0.0 – 10.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 11-08-2021 | 12-08-2021 | 13-08-2021 | 14-08-2021 | 15-08-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 12 | 11 | 12 | 25 |
| കൂടിയ താപനില, °C | 31 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 25 | 26 | 26 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 14 | 12 | 14 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 320 | 290 | 290 | 290 |
| മേഘ വിന്യാസം, ഒക്ടാ | 7 | 8 | 7 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | **മിതമായ മഴ ലഭിക്കും. ഒറ്റപ്പെട്ട ശക്തിയേറിയ മഴയുണ്ടായേക്കും.**<br><br>നിലവിലെ വർധിത അന്തരീക്ഷ ആർദ്രതയും ഒപ്പം അധികരിച്ച താപ സൂചികയും തെങ്ങിലും ഫലവൃക്ഷങ്ങളിലും ഗാനോഡർമ മൂലമുള്ള വാട്ടം, കവുങ്ങിൽ മഹാളി, കുരുമുളകിന് ദ്രുതവാട്ടം, വാഴയിൽ മാണ അഴുകൽ തുടങ്ങിയ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാകും.<br><br>നെല്ല് കതിരിട്ടു മണികൾ നിറയുന്ന സമയമായി. വയലുകളിൽ ജല നിർഗമന ചാലുകളിലെ കളകളും മറ്റു തടസ്സങ്ങളും പൂർണമായി നീക്കം ചെയ്യുക. ഒരു അത്യാവശ്യ ഘട്ടം വന്നാൽ എളുപ്പം തുറക്കാൻ പറ്റുന്ന രീതിയിലുള്ള തടയണകൾ മാത്രമേ പാടുള്ളൂ. |

| | | | |
|---|---|---|---|
| നെല്ല് | കതിര് വരുന്ന സമയം | ചാഴി  | നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക.<br>ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക. |
| നെല്ല് | കതിര് വരുന്ന സമയം | ഓല ചുരുട്ടിപ്പുഴു  | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗിക്കരുത്.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ക്ലോറാന്ട്രാനിലിപ്രോൾ 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| നെല്ല് | വൈകി നട്ടയിടങ്ങളിൽ ചെനപ്പു പൊട്ടുന്ന സമയം | രണ്ടാം ഗഡു വളപ്രയോഗം | സെന്റിന് ഒരു കിലോ ഗ്രാം വീതം രണ്ടാം തവണത്തെ കുമ്മായം ചേർക്കുക.<br>ഒരാഴ്ചയ്ക്ക് ശേഷം ഹ്രസ്വകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 300 ഗ്രാം യൂറിയയും 120 ഗ്രാം പൊട്ടാഷും ചേർക്കുക. മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 260 ഗ്രാം യൂറിയയും 150 ഗ്രാം പൊട്ടാഷും ചേർക്കുക. |
| ഇഞ്ചി | വിവിധ ഘട്ടം | ബാക്ടീരിയ വട്ടം  | ഒരുശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ<br>കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിത്തിൽ തയ്യാറാക്കി മണ്ണിൽ കുതിർക്കുക. |
| കുരുമുളക് | പുതുതായ് നട്ടത് | വാട്ടം  | റിഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |

| | | | |
|---|---|---|---|
| വെള്ളരി വർഗ്ഗ വിളകൾ | വിവിധ ഘട്ടം | ഫ്യൂസേറിയം വാട്ടം  | ബാവിസ്റ്റിൻ (@ 2 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) ചുവട്ടിലെ മണ്ണിൽ കുതിർക്കുക |
| വെണ്ട | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | സാഫ് (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം  | അതിമാരകമായ ചില ബാക്ടീരിയകളാണ് രോഗ കാരണം. വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു. അകിടിന്റെ ഒരു കാമ്പിൽ നിന്നും മറ്റു കാമ്പുകളിലേക്കും ഒരു പശുവിൽ നിന്നും മറ്റു പശുക്കളിലേക്കും രോഗം പടരാം.<br><br>പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായി മാറുന്നു, തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.<br><br>രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

ഒപ്പ്/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി